കോഴിക്കോട് സിവിൽ സ്റ്റേഷനിലെ തകരാറിലായ ലിഫ്റ്റ്

72 [3598] *ശ്രീ. വി. കെ. സി. മമ്മത്കോയ*: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സിവിൽ സ്റ്റേഷനിലെ സി. ബ്ലോക്കിലെ ലിഫ്റ്റ് പ്രവർത്തനരഹിതമായിട്ട് എത്ര കാലമായെന്ന് അറിയിക്കാമോ;

(ബി) ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ്, ഡി. ആർ. ഡി. എ., ലേബർ ഓഫീസ്, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, ലാൻഡ് അക്വിസിഷൻ ഓഫീസ് എന്നിങ്ങനെയുള്ള സുപ്രധാന ഓഫീസുകളിൽ എത്തിച്ചേരുന്നതിന് ഇതുമൂലം ജനങ്ങൾക്കുണ്ടാകുന്ന പ്രയാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ജില്ലാ ലേബർ ഓഫീസിൽ ചർച്ചയ്ക്കെത്തിയ ഒരു തൊഴിലാളി സംഘടനാ നേതാവ് കുഴഞ്ഞുവീണു മരിക്കാൻ ഇടയായതിന്റെ ഒരു കാരണം ലിഫ്ടിന്റെ അഭാവമാണെന്നുള്ളത് പരിശോധന വിധേയമായിട്ടുണ്ടോ;

(ഡി) എങ്കിൽ ലിഫ്റ്റ് റിപ്പയർ ചെയ്യുന്നതിനോ, മാറ്റി സ്ഥാപിക്കുന്നതിനോ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ പ്രശ്നത്തിന്റെ ഗൗരവം ഉൾക്കൊണ്ട് ലിഫ്റ്റ് മാറ്റി സ്ഥാപിക്കാൻ നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) നാലര വർഷം.

(ബി) ഉണ്ട്.

(സി) ഇല്ല.

(ഡി) & (ഇ) ലിഫ്റ്റ് മാറ്റി സ്ഥാപിച്ചുകൊണ്ടിരിക്കുന്നു. ഒരു മാസത്തിനകം പണി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

വൈ. വിൽസന് ജോലി ലഭിക്കാൻ നടപടി

73 [3599] *ശ്രീ. എം. വി. ജയരാജൻ*: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മരാമത്ത് വകുപ്പിൽ എടത്വാ ബിൽഡിംഗ് സെക്ഷനിൽ ശിപായി ആയി ജോലിനോക്കിവരവേ മരണപ്പെട്ട ഡി. യോഹന്നാന്റെ മകൻ വൈ. വിൽസൺ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിനായി 25-5-2000-ന് അപേക്ഷ നൽകിയിട്ടും ഇതുവരെ നിയമനം നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly